LIBRARY ARCHIVES Kerala Legislative Assembly

കാരുണ്യ പദ്ധതി

153 (498) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ചികിത്സാ സഹായത്തിനുള്ള അപേക്ഷ സമർപ്പിക്കാൻ കഴിയാതെ അടിയന്തര ശസ്ത്രക്രിയക്ക് വിധേയരാകേണ്ടിവന്ന എത്ര പേർ തുടർന്ന് കാരുണ്യ പദ്ധതി പ്രകാരമുള്ള ചികിത്സാ സഹായത്തിനായി അപേക്ഷ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം അപേക്ഷകളിന്മേൽ ശസ്ത്രക്രിയ നടത്തിയതിനും അടിയന്തര ചികിത്സ തേടിയതിനും മതിയായ രേഖകൾ ഉണ്ടെങ്കിൽ അനുകൂലമായ തീരുമാനങ്ങൾ സ്വീകരിക്കാമോ ;

(സി) സർക്കാരിന് ലഭിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) അടിയന്തര ശസ്ത്രക്രിയകൾക്ക് വിധേയരായി ചികിത്സാ ചെലവുകളുടെ രേഖകൾ സഹിതം സർക്കാരിന് ലഭിച്ച അപേക്ഷകളിൽ ഇനിയും തീരുമാനം എടുക്കാൻ അവശേഷിക്കുന്നവ എത്രയാണ് ; വിശദമാക്കാമോ ?

ഉത്തരം

(എ) കാരുണ്യ ചികിത്സാ സഹായത്തിനുള്ള അപേക്ഷ സമർപ്പിക്കാൻ കഴിയാതെ അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയരാകേണ്ടിവന്ന 725 പേർ കാരുണ്യ പദ്ധതി പ്രകാരമുള്ള ചികിത്സ സഹായത്തിനായി അപേക്ഷ നൽകിയിട്ടുണ്ട്.

(ബി&സി) ഇത്തരം അപേക്ഷകളിന്മേൽ സ്വീകരിക്കുന്ന നടപടി ചുവടെ ചേർക്കുന്നു :

അപേക്ഷകൾ പരിശോധിച്ച് അടുത്ത സംസ്ഥാനതല കമ്മിറ്റിയിൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം കാരുണ്യ അഡ്മിനിസ്ട്രേറ്റർക്ക് നൽകുന്നു. അഡ്മിനിസ്ട്രേറ്റർ അപേക്ഷയുടെ പ്രാഥമിക പരിശോധന നടത്തിയതിനുശേഷം അപേക്ഷകൾ ഡോക്ടർമാർ ഉൾപ്പെട്ട ഒരു സബ് കമ്മിറ്റിയെക്കൊണ്ട് പരിശോധിപ്പിച്ച് സംസ്ഥാനതല കമ്മിറ്റിക്ക് സമർപ്പിക്കുന്നു. ഡോക്ടർമാരുടെ ശിപാർശയിന്മേൽ ഉചിതമായ തീരുമാനം സംസ്ഥാനതല കമ്മിറ്റി കൈക്കൊള്ളുന്നു.

(ഡി) അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയരായി ചികിത്സാ ചെലവുകളുടെ രേഖകൾ സഹിതം സർക്കാരിന് ലഭിച്ച അപേക്ഷകളിൽ 350-ഓളം അപേക്ഷകളിന്മേൽ തീരുമാനം എടുക്കാനുണ്ട്.

ധനകാര്യ കമ്മീഷന്റെ ശിപാർശ

154 (499) ശ്രീ. എളമരം കരീം :

പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീ. എ. പ്രദീപ് കുമാർ :

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ കമ്മി നികത്തുന്നതിലേക്ക് പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത സഹായങ്ങൾ വിശദമാക്കുമോ ; എന്തെല്ലാം നിബന്ധനകൾക്ക് വിധേയമായിട്ടാണ് പ്രസ്തുത സഹായങ്ങൾ അനുവദിക്കുന്നത് ;

(ബി) ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള ധന ദൃഢീകരണ പാതയിലെ ലക്ഷ്യം കൈവരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കാമോ ;

(സി) ഏതെല്ലാം മേഖലയിൽ എന്തെല്ലാം വിധത്തിലുള്ള സാമ്പത്തിക അച്ചടക്കം പാലിക്കാൻ ഉദ്ദേശിക്കുന്നു ; വിശദമാക്കാമോ ;

(ഡി) ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം ബഡ്ജറ്റിൽ പ്രതീക്ഷിച്ച തുക എത്ര ?

ഉത്തരം

(എ) റവന്യൂ കമ്മി നികത്തുന്നതിനായി പതിനാലാം ധനകാര്യ കമ്മീഷൻ 9,519 കോടി രൂപയുടെ ഗ്രാന്റ് 2015-18 കാലയളവിലേക്കായി സംസ്ഥാനത്തിന് ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ഗ്രാന്റ് റിലീസ് ചെയ്യുന്നതിന് പ്രത്യേക നിബന്ധനകളൊന്നും ധനകാര്യ കമ്മീഷൻ വച്ചിട്ടില്ല. എന്നാൽ സംസ്ഥാനങ്ങൾ സ്വീകരിക്കുന്ന ധന ദൃഢീകരണ നടപടികളുടേയും നികുതി കാര്യക്ഷമതയുടേയും അടിസ്ഥാനത്തിൽ മാത്രമേ റവന്യൂ കമ്മി ഗ്രാന്റ് അനുവദിക്കുകയുള്ളൂ എന്ന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly